KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


നം. പി.എസ്.1 (ബി)/ജനറൽ/2018 തീയതി: 29/12/2021

## പരിപത്രം

1. 23-12-2021 ന് ബഹു. രാഷ്ട്രപതിയുടെ സന്ദർശനവും പൊതുപരിപാടിയും തിരുവനന്തപുരത്ത് ഉണ്ടായിരിക്കേ ഏതാനും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ വേണ്ടതായ യാതൊരുവിധ നോട്ടീസും നൽകാതെയും യാതൊരു പ്രത്യേക പ്രകോപനവുമില്ലാതെയും അനധികൃതമായി ഓഫീസ് സമയത്ത് സംഘടിച്ച് കറുത്ത തുണികൾ മുഖത്തു കെട്ടി വൈദ്യുതിഭവൻ അങ്കണത്തിൽ പൊടുന്നനെ പ്രകടനം നടത്തി പ്രകോപനപരമായ മുദ്രാവാക്യം വിളിച്ചത് ബോർഡ് ഗൗരവമായി കാണുന്നു.

2. ട്രേഡ് യൂണിയൻ നിയമപ്രകാരം പ്രകടനമോ സമരമോ നടത്താൻ അവകാശങ്ങൾ അനുവദിച്ചിട്ടില്ലാത്ത ബോർഡിലെ ഒരു സർവ്വീസ് (ചാരിറ്റബിൾ) സംഘടനാംഗങ്ങളായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ പദവിയിലുള്ള സീനിയർ ബോർഡ് ജീവനക്കാരുടെ രാഷ്ട്രപതിയുടെ സംസ്ഥാന സന്ദർശനവേളയിലെ അവശ്യസർവ്വീസായ വൈദ്യുതി ബോർഡിന്റെ കേന്ദ്ര ഓഫീസിന്റെ സുഗമമായ പ്രവർത്തനം അലങ്കോലമാക്കാനുള്ള പരസ്യ ഉദ്യമം തുറന്ന അച്ചടക്കലംഘനമാണ് ; തിരുത്തൽ നടപടി വേണ്ടതാണ്.

3. ടി പ്രകടനത്തിനു കാരണമായി വിതരണം ചെയ്യപ്പെട്ട നോട്ടീസിൽ പറയുന്ന കാര്യങ്ങളെല്ലാം ജീവനക്കാരെയും പൊതുജനങ്ങളേയും ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതും അവാസ്തവവുമാണ്. ബോർഡ് ഒരു ഉദ്യോഗസ്ഥനെതിരേയും സമീപകാലയളവിൽ ഫേസ്ബുക്ക് / വാട്ട്സാപ്പ് സന്ദേശത്തിന്റെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. ചീഫ് എഞ്ചിനീയർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനിൽ നിന്നും അച്ചടക്കലംഘനമുണ്ടായി എന്ന രേഖാമൂലമുള്ള പരാതിയിൽ ടി ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെടുകയാണുണ്ടായത്. വിശദീകരണം തൃപ്തികരമാണെങ്കിൽ തുടർനടപടി എടുക്കേണ്ടതില്ലാത്ത ഒരു പരാതിയാണത്. ബോർഡിലെ തുടർന്നുവരുന്ന ഒരു സാധാരണ ഭരണ നടപടിക്രമത്തിന്റെ പേരിൽ പ്രതികരിക്കാൻ ബോർഡിന് വേണ്ടത്ര സാവകാശത്തിന് പരാതി / നോട്ടീസ് പോലും നൽകാതെയുമുള്ള പ്രവർത്തനമാണ് ഉണ്ടായത്. ഉയർന്ന ഉദ്യോഗസ്ഥർ സന്ദർശകർക്കും ബോർഡിനും അസൌകര്യമുണ്ടാക്കിയും ബഹു. രാഷ്ട്രപതിയുടെ തിരുവനന്തപുരം

സന്ദർശന സമയത്തുതന്നെ തീർത്തും അനുചിതൃകരമായി കറുത്ത തുണികൾ പ്രദർശിപ്പിച്ച് പ്രതിഷേധസൂചകമായ കൊടികളേന്തി സമരപ്രതീതി സൃഷ്ടിച്ചതിന് അച്ചടക്കനടപടിയും അനിവാര്യമാണ്.

4. ന്യായമായ ഏതു പരാതിയും സൂക്ഷ്മമായി കേൾക്കാനും ജീവനക്കാരുടെ ആവലാതി പരിഹരിക്കാനും ഡയറക്ടർ / ചീഫ് പേഴ്സണൽ ഓഫീസർ തലത്തിൽ കൃത്യമായുള്ള സംവിധാനമുള്ള ബോർഡിൽ ആയതിനു കടകവിരുദ്ധമായ സമീപനം ചുരുക്കം ചില ഉദ്യോഗസ്ഥർ നിരന്തരം സ്വീകരിക്കുന്നതായി കാണുന്നു. നിരന്തരം സാമൂഹ്യ മാധ്യമങ്ങളിൽ ബോർഡിനെ മന:പ്പൂർവ്വം അപകീർത്തിപ്പെടുത്താനും വിഭാഗീയമായ ബാഹ്യതാത്പര്യങ്ങളാൽ പ്രചോദിതരായി സർക്കാരിനും ബോർഡ് മാനേജ്മെന്റിനും നേരെ പൊതുജനത്തിന് അവമതിപ്പുണ്ടാക്കുന്ന ഇത്തരം നടപടികളിൽ നിന്നും ജീവനക്കാരും ഉദ്യോഗസ്ഥരും വിട്ടുനിൽക്കണം എന്നും അഭ്യർത്ഥിക്കുന്നു.

5. 1957 മുതൽ 2021 വരെ സർക്കാരിനും ബോർഡിനും എതിരേ സാധാരണ / സാമൂഹ്യ / ഡിജിറ്റൽ / നവ മാധ്യമങ്ങളിൽ എഴുതിയ പത്തോളം ജീവനക്കാർക്കെതിരേ ബോർഡ് ഉടനടി ഗുരുതര ശിക്ഷണനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങൾ മാറിയിട്ടില്ലാത്തതിനാൽത്തന്നെ സമാന ചട്ടലംഘനത്തിനുള്ള നടപടിയ്ക്കും വ്യത്യാസമുണ്ടാക്കുന്നില്ല. ബോർഡിന്റെ സേവനത്തിലിരിക്കെ ചട്ടലംഘനം നടത്തി ബോർഡിനെ അവമതിപ്പെടുത്താൻ ഒരു ബോർഡ് ജീവനക്കാരനും അവകാശമില്ല എന്നും ബോർഡിനുള്ളിൽ സമർപ്പിക്കേണ്ട നിവേദനങ്ങൾ ബോർഡിനു പ്രതികൂലമാവും വിധവും ന്യായമില്ലാത്ത വിമർശനമായി സാമൂഹ്യ മാധ്യമങ്ങൾ വഴി പുനപ്രകാശനം ചെയ്യുന്നത് ഗൗരവമായി വീക്ഷിക്കുമെന്നും അറിയിക്കുന്നു. ഒപ്പം ബോർഡ് ജീവനക്കാരായ വ്യക്തികൾക്ക് കമ്പനി നൽകുന്ന വ്യക്തിഗത സന്ദേശങ്ങൾ സാമൂഹ്യമാധ്യമങ്ങളിലടക്കം പശ്ചാത്തലമില്ലാതെ പ്രകാശിപ്പിക്കുകയും ബോർഡിന്റെ തീരുമാനം / നടപടി ലഭ്യമാകും മുൻപ് ഇത്തരം പ്രകോപനം സൃഷ്ടിക്കുന്ന നടപടികളും ചട്ടപ്രകാരം കുറ്റകരമാണ് എന്ന് സൂചിപ്പിക്കുന്നു. ഇത്തരം നടപടി ഭാവിയിൽ ആവർത്തിച്ചാൽ മറ്റു മുന്നറിയിപ്പ് കൂടാതെ കർശന നടപടിയുണ്ടാകുമെന്നും ഉദ്യോഗസ്ഥരേയും ജീവനക്കാരേയും അറിയിക്കുന്നു.

6. അറിവിലേയ്ക്ക് മേൽവിവരം ബോർഡ് വെബ്സൈറ്റിലും എല്ലാ ഓഫീസുകളിലും പ്രകാശിപ്പിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി

ചീഫ് പേഴ്സണൽ ഓഫീസർ

വൈദ്യുതി ബോർഡിലെ എല്ലാ ജീവനക്കാർക്കും.